**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1792** **02-02-2024 - ൽ മറുപടിയ്ക്ക്**

**പി.എച്ച്.ഡി കോഴ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ ഏതൊക്കെ സർവകലാശാലകളിലാണ് പി.എച്ച്.ഡി കോഴ്സുകൾ ഉള്ളതെന്ന് അറിയിക്കുമോ; | (എ) | കേരള സർവ്വകലാശാല, മഹാത്മാ ഗാന്ധി സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി, എന്നീ സർവ്വകലാശാലകളിൽ പി.എച്ച്.ഡി കോഴ്സുകൾ ഉണ്ട്. |
| (ബി) | യു.ജി.സി. മാർഗ്ഗരേഖ പ്രകാരം പി.എച്ച്.ഡി. കോഴ്സ് വർക്ക് നിബന്ധനയിൽ നിന്നും ഇളവ് കൊടുത്തിട്ടുള്ളത് ആർക്കൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | കേരള സർവകലാശാലയിൽ എം.ഫിൽ ബിരുദധാരികൾക്ക് പി.എച്ച്.ഡി. കോഴ്സ് വർക്ക് പരീക്ഷയിലെ Paper I (Research Methodology) ന് ഇളവ് നൽകിയിട്ടുണ്ട്.<br><br>കാലിക്കറ്റ് സർവ്വകലാശാലയിൽ യുജിസി മാർഗ്ഗരേഖ പ്രകാരം എംഫിൽ യോഗ്യതയുള്ളവർക്ക്, അവർ എംഫിൽ പഠന കാലത്ത് പൂർത്തീകരിച്ച കോഴ്സ് വർക്ക് ന്റെ അടിസ്ഥാനത്തിൽ, Research Methodology, Elective Course എന്നീ കോഴ്സ് വർക്ക് പേപ്പറുകൾക്ക് ഇളവ് നൽകാറുണ്ട്.<br><br>കണ്ണൂർ സർവ്വകലാശാലയിൽ പി.എച്ച്.ഡി. റെഗുലേഷൻസ് 2022 നിലവിൽ വന്നതിന് മുൻപായി അഞ്ച് വർഷത്തിനുള്ളിൽ (2018 ലോ അതിന് ശേഷമോ) എം.എഫിൽ പൂർത്തിയാക്കിയവർക്ക് കോഴ്സ് വർക്കിൽ ഇളവ് അനുവദിക്കുന്നുണ്ട്.<br><br>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ പി.എച്ച് ഡി. പ്രോഗ്രാമിന് പ്രവേശനം നേടിയ എം.എഫിൽ ബിരുദധാരികളെ പി.എച്ച്.ഡി. കോഴ്സ് വർക്കിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.<br><br>കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾ ഒരു ഐച്ഛിക |

| | | | |
|---|---|---|---|
| | | | വിഷയമായി റിസർച്ച് മെത്തഡോളജി പഠിച്ചിട്ടുണ്ടെങ്കിൽ റിസർച്ച് കമ്മറ്റിയുടെ ശിപാർശ പ്രകാരം കോഴ്സ് വർക്കിനായി പ്രസ്തുത പേപ്പർ രജിസ്റ്റർ ചെയ്യുന്നതിൽ നിന്നും ഗവേഷണ വിദ്യാർത്ഥികളെ ഒഴിവാക്കുന്നതാണ്. പി.എച്ച്.ഡി. വിദ്യാർത്ഥികൾ തങ്കളുടെ എം.എഫിൽ കോഴ്സ് ചെയ്യതിന് സമാനമായ മേഖലിൽ ആണ് ഗവേഷണം നടത്തുന്നത് എന്ന് റിസർച്ച് കമ്മിറ്റിക്ക് ബോധ്യമാകുന്ന പക്ഷം പ്രസ്തുത വിദ്യാർത്ഥികൾ കോഴ്സ് വർക്കിന്റെ കോഴ്സ് I & III പേപ്പറുകൾക്ക് രജിസ്ട്രാർ ചെയ്യുന്നതിൽനിന്നും ഒഴിവാക്കപ്പെടുന്നതാണ്. |
| (സി) | കേരളത്തിൽ ഏതെങ്കിലും സർവകലാശാലയിൽ എം.ഫിൽ യോഗ്യതയുള്ളയുള്ളവർക്ക് പി.എച്ച്.ഡി. കോഴ്സ് വർക്ക് നിർബന്ധമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ യു.ജി.സി. മാർഗ്ഗരേഖ അനുസരിച്ച് എം.ഫിൽ ബിരുദധാരികളെ നിർബന്ധിത കോഴ്സ് വർക്കിൽ നിന്നും ഇളവ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | മഹാത്മാഗാന്ധി സർവ്വകലാശാല, എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി എന്നീ സർവ്വകലാശാലകൾ എം.ഫിൽ യോഗ്യതയുള്ളയുള്ളവർക്ക് പി.എച്ച്.ഡി. കോഴ്സ് വർക്ക് നിർബന്ധമാക്കിയിട്ടുണ്ട്.<br><br>University Grants Commission (Minimum Standards and Procedure for Award of PhD. Degree) Regulations, 2022 പ്രകാരം കോഴ്സ് വർക്ക് ചെയ്യുന്നതിൽ നിന്ന് ആരെയും ഒഴിവാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ